*Quest Journals*
*Journal of Research in Humanities and Social Science*
*Volume 9 ~ Issue 11 (2021)pp: 46-48*
*ISSN(Online):2321-9467*
*www.questjournals.org*

**Research Paper**

# മനസ്സെന്ന കാട്ടുകുരങ്ങ്

**ഡോ. ആർ. രാജേഷ്**
**അസൊ; പ്രൊഫ.**
**മലയാളം വിഭാഗം**
**എൻ.എസ്.എസ്. കോളേജ്**
**പന്തളം**

മലയാള നോവൽ സാഹിത്യത്തിൽ ശ്രദ്ധേയമായ ഒട്ടേറെ കൃതികൾ സംഭാവന ചെയ്ത നോവലിസ്റ്റും ലേഖകനുമാണ് കെ. സുരേന്ദ്രൻ. താളം, കാട്ടുകുരങ്ങ്, സീമ, മായ, ദേവി, ജ്വാല, മരണം ദുർബലം, ഗുരു എന്നിങ്ങനെ ഏറെ അനുവാചകരെ സൃഷ്ടിച്ച ഒട്ടേറെ കൃതികളുടെ കർത്താവായ കെ. സുരേന്ദ്രൻ, നിരൂപണത്തിലൂടെ സാഹിത്യ രംഗത്ത് എത്തിച്ചേർന്ന് നോവലിസ്റ്റായി മാറിയ എഴുത്തുകാരനാണ്. അതുകൊണ്ടുതന്നെ രചനയുടെ രസതന്ത്രങ്ങൾ ഏറെക്കുറെ സൈദ്ധാന്തികമായിത്തന്നെ തിരിച്ചറിഞ്ഞ എഴുത്തുകാരൻ കൂടിയായിരുന്നു സുരേന്ദ്രൻ. മലയാളത്തിലെ മനോവിജ്ഞാനീയ നോവൽ ശാഖയെ ഏറെ സമ്പന്നമാക്കിയ നോവലിസ്റ്റാണ് അദ്ദേഹം. വ്യക്തി ജീവിതത്തിലും ജീവിത സമ്പ്രദായത്തിലും സാമൂഹികസ്ഥാനങ്ങളിലും നിലവിലിരിക്കുന്ന വ്യവസ്ഥകളോട് പൊരുത്തപ്പെടാൻ കഴിയാതിരുന്ന കുറേ മനുഷ്യരുടെ കഥകളാണ് സുരേന്ദ്രന്റെ കൃതികളെന്ന് കെ. പി. ശരച്ചന്ദ്രൻ അഭിപ്രായപ്പെടുന്നു. നോവലിലെ കഥാഘടനയ്ക്ക് സവിശേഷ പ്രാധാന്യം നൽകിയ എഴുത്തുകാരനാണ് സുരേന്ദ്രൻ. കെട്ടുറപ്പുള്ള കഥയുടെ അനുക്രമമായ വികാസപരിണതിയിലൂടെ ഉരുത്തിരിയുന്ന പ്ലോട്ടിനെക്കുറിച്ചുള്ള സങ്കൽപം അദ്ദേഹം സാഹിത്യത്തിലുടെനീളം വെച്ചു പുലർത്തുകയും അനുവർത്തിക്കുകയും ചെയ്തിരുന്നു. നോവലിൽ നിന്ന് കഥ പുകച്ചുകളഞ്ഞ് അതിനെ ശുദ്ധീകരിക്കാമെന്നു ഭാവിക്കുന്നത് മനുഷ്യ ശരീരത്തിൽ നിന്ന് കങ്കാളം കിഴിവുചെയ്ത് അതിനെ കൂടുതൽ മിഴിവുള്ളതാക്കാമെന്നു പറയുന്നതു പോലെയാണെന്ന് നോവത്സ്വരൂപത്തിൽ അദ്ദേഹം വിശദീകരിക്കുന്നുമുണ്ട്. കുമാരനാശാന്റെ കാവ്യങ്ങൾ അസാധാരണമായി സ്വാധീനിച്ച അനുവാചക മനസ്സിന് ഉടമയായിരുന്നു കെ. സുരേന്ദ്രൻ. അതുകൊണ്ടുതന്നെ സങ്കീർണ്ണമായ സ്ത്രീപുരുഷ ബന്ധത്തിലൂടെ ഉരുത്തിരിക്കുന്ന സംഘർഷ ഭരിതമായ കുടുംബാന്തരീക്ഷമാണ് പല കൃതികളിലേയും ഇതിവൃത്തം. സദാചാരവും സാമൂഹിക വ്യവസ്ഥയും തമ്മിലുള്ള പൊരുത്തക്കേടിന്റെ നീർച്ചുഴിയിൽ വീണുകിടക്കുന്ന നിസ്സഹായരായ മനുഷ്യജീവികളുടെ കഥകളായി സുരേന്ദ്രന്റെ നോവലുകൾ മാറുന്നു. എന്നാൽ മൂല്യങ്ങളെ എതിർക്കുമ്പോൾപ്പോലും സുരേന്ദ്രൻ അവയെ തിരസ്കരിക്കുന്നില്ല. ജീവിതത്തെ വിമർശിക്കുമ്പോൾ അതിനെ നിഷേധിക്കുന്നുമില്ല എന്ന് കെ. എം. തരകൻ നിരീക്ഷിക്കുന്നു.

സുരേന്ദ്രന്റെ നോവലുകളുടെ കഥ കൂടുതലും കുടുംബങ്ങളുടെ അകത്തളങ്ങളിലാണ് സംഭവിക്കുന്നത്. ഒരേ ചരടിൽ കോർത്ത മുത്തുമണികൾ പോലെ പരസ്പര പൂരകവും പരസ്പരാധിഷ്ഠിതവുമാണ് അദ്ദേഹത്തിന്റെ കൃതികൾ. വ്യക്തി സ്വാർത്ഥതകളും

പ്രലോഭനങ്ങളും കുടുംബ ബന്ധങ്ങളിൽ സൃഷ്ടിക്കുന്ന വിള്ളലുകൾ, അതിലൂടെ ഉരുത്തിരിയുന്ന സംഘർഷങ്ങളുമൊക്കെ അവിടെത്തന്നെ ഉമിത്തീപോലെ നീറിപ്പടരുകയോ എരിഞ്ഞമരുകയോ അതിന്റെ സ്വാഭാവികമായ പരിണതിയിൽ എത്തപ്പെടുകയോ ചെയ്യുന്നു. അതിനപ്പുറം ഒരു സാമൂഹിക സ്വഭാവം സുരേന്ദ്രന്റെ കൃതികളിൽ കാണാനാവില്ല. പ്രത്യക്ഷാനുഭവങ്ങളുടെ കുറവ് സുരേന്ദ്രന്റെ കൃതികളിൽ ശക്തിയായി പ്രതിഫലിക്കുന്നുണ്ട്. തിരഞ്ഞെടുത്ത ജീവിതാന്തരീക്ഷങ്ങളുടെ കാര്യത്തിൽ പോരായ്മകളുണ്ട്. വൈവിദ്ധ്യത്തേക്കാൾ ഏകാതാനതയാണ് അവയുടെ സ്ഥായീ ഭാവം എന്ന നിരീക്ഷണം ആ നോവലിസ്റ്റിന്റെ ഇതിവൃത്തപരമായ പരിമിതികൾ വെളിപ്പെടുത്തുന്നു. എന്നാൽ കെ. സുരേന്ദ്രൻ തന്റെ രചനാപരവും ഇതിവൃത്തപരമായ ഇത്തരം പരിമിതികളെയെല്ലാം മറികടക്കുന്ന കൃതിയാണ് ജ്വാല. സാമാന്യം ദീർഘമായ ഈ നോവലിലൂടെ പത്രപ്രവർത്തനത്തിനായി ത്യാഗങ്ങൾ സഹിച്ച സാമൂഹിക പ്രതിബന്ധനായ വ്യക്തിയെ കേന്ദ്രകഥാപാത്രമാക്കി മെനഞ്ഞെടുത്ത കഥയാണത്. കേരളത്തിന്റെ രാഷ്ട്രീയ ജീവിതത്തിൽ നിന്ന് അടർത്തിയെടുത്ത ഒരു തീക്ഷ്ണമായ ഏടാണ് ജ്വാലയായി മാറിയത്. സുരേന്ദ്രന്റെ കൃതികളിൽ ഒറ്റപ്പെട്ടു നിൽക്കുന്നത് ജ്വാലയാണെന്നു പറയാം. അയൽക്കാർ, ഏണിപ്പടികൾ എന്നിവയെപ്പോലെ കേരളത്തിലെ തെക്കൻ പ്രദേശത്തെ ഒരു കാലഘട്ടത്തിലെ സാമൂഹിക ചരിത്രമാണ് ജ്വാല കാഴ്ചവെയ്ക്കുന്നതെന്ന് നിരൂപകർ അഭിപ്രായപ്പെടുന്നു. കെ. സുരേന്ദ്രന്റെ സമകാലീനരായ എഴുത്തുകാർ പൊള്ളുന്ന സാമൂഹിക വിഷയങ്ങൾ ഏറ്റെടുത്തുകൊണ്ട് സാഹിത്യ രചന നിർവ്വഹിച്ച അവസരത്തിലാണ് കുടുംബ ശൈഥില്യത്തിന്റെയും ബന്ധങ്ങളിലെ താളക്കേടുകളുടേയും കഥ പറയുന്ന ഒട്ടേറെ കൃതികളുമായി സുരേന്ദ്രൻ നമ്മുടെ നോവൽ സാഹിത്യത്തിൽ തന്റേതായ വായനക്കാരെ സൃഷ്ടിച്ചെടുത്തത്. വിഷയ വൈവിദ്ധ്യത്തിന്റെ അഭാവം അദ്ദേഹത്തിന്റെ ഒരു ന്യൂനതയായി ത്തന്നെ നിലനിൽക്കുന്നു. നാടകീയ സുദീർഘ സംഭാഷണങ്ങൾ നോവലിന്റെ ഘടനയിൽ ഇണക്കിച്ചേർത്തത്, അദ്ദേഹത്തിൽ നിന്ന് ഒഴിഞ്ഞു പോകാൻ വിസമ്മതിച്ച നാടകകൃത്തിന്റെ സ്വാധീനത കൊണ്ടാവാം. സങ്കീർണ്ണങ്ങളായ മനുഷ്യബന്ധങ്ങളും മനസ്സിന്റെ ദുരൂഹപഥങ്ങളുമാണ് കെ. സുരേന്ദ്രനെ ആകർഷിച്ചതെന്ന് സുഹൃത്തുകൂടിയായ ജി. എൻ. പണിക്കർ അനുസ്മരിക്കുന്നു. ഒന്നാം തരം അവതരണം, കെട്ടുറപ്പുള്ള കഥാഘടന, ജീവിതാനുഭവങ്ങളെ അപഗ്രഥിച്ചു നോക്കുകയും സങ്കീർണ്ണങ്ങളായ മാനസിക ഭാവങ്ങളെ തെളിച്ചു കാട്ടുകയും ചെയ്യുന്ന നിരൂപക ബുദ്ധി - ഇവയെല്ലാം സുരേന്ദ്രനിൽ സംയോജിച്ചു നിൽക്കുന്നതായി ടി. എം. ചുമ്മാർ അഭിപ്രായപ്പെടുന്നു. ശ്രീനാരായണ ഗുരുവിന്റെ ജീവിതത്തെ അടിസ്ഥാനമാക്കി കെ. സുരേന്ദ്രൻ രചിച്ച ഗുരു എന്ന നോവലാണ് അദ്ദേഹത്തിന്റെ മറ്റൊരു ശ്രദ്ധേയമായ കൃതി.

നോവലിസ്റ്റ് എന്നതിനൊപ്പം പരിഭാഷകൻ, ജീവചരിത്രകാരൻ, നാടകകൃത്ത് എന്നീ നിലകളിലും വ്യക്തിത്വം സ്ഥാപിച്ച എഴുത്തുകാരനാണ് കെ. സുരേന്ദ്രൻ. ടോൾസ്റ്റോയി, ദസ്തയേവ്സ്കി, കുമാരനാശാൻ, കേസരി ബാലകൃഷ്ണപിള്ള എന്നിവരുടെ ജീവചരിത്രങ്ങൾ ശ്രദ്ധേയമാണ്. ജീവിതവും ഞാനും എന്ന കെ. സുരേന്ദ്രന്റെ ആത്മകഥ മലയാളത്തിലെ മികച്ച ആത്മകഥകളിലൊന്നായി വിലയിരുത്തപ്പെടുന്നു.

റഫറൻസ്:

1. നോവലുകളിലൂടെ - കെ. പി. ശരച്ചന്ദ്രൻ, എൻ.ബി.എസ്., കോട്ടയം
2. നോവൽ സ്വരൂപം - കെ. സുരേന്ദ്രൻ, എൻ.ബി.എസ്. കോട്ടയം
3. നോവൽ സാഹിത്യചരിത്രം - കെ. എം. തരകൻ, എൻ.ബി.എസ്., കോട്ടയം
4. അകലെ നിന്ന്, അടുത്ത് നിന്ന് - ജി. എൻ. പണിക്കർ, എൻ.ബി.എസ്., കോട്ടയം

*Corresponding Author: XXXXXXX